
# ബ്ലൂവെയൽ ആത്മഹത്യ ഒരു മാധ്യമ മിഥ്യയോ?



**ഡോ. രാംകുമാർ ജി എസ്**

29 Sep 2017 2:52 PM

കുറച്ച് നാൾ മുമ്പ് ബഹുമാനപ്പെട്ട കേരള ഹൈകോടതി ചീഫ് ജസ്റ്റിസ് കേരളത്തിലെ മാധ്യമങ്ങളെപ്പറ്റി ഒരു കാര്യം പറയുകയുണ്ടായി. മാധ്യമങ്ങൾ വസ്തുതാവിരുദ്ധമായ വാർത്തകൾ നൽകുന്നു, റിപ്പോർട്ടിംഗ് പലപ്പോഴും പരിധി വിടുന്നു, ഇതിനെ ഉത്തരവാദിത്ത കുറവായി കണ്ട് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ ചെയർമാനുമായി ആശയവിനിമയം നടത്തിയെന്നാണ് അദ്ദേഹം പറഞ്ഞത്. കേസ് വാദത്തിനിടെ നടത്തിയ ആശയവിനിമയത്തെ സർക്കാർ

വിവാദം ജനിപ്പിക്കുന്ന സാഹചര്യമുണ്ടാക്കിയ പശ്ചാത്തലത്തിലാണ് പരാമർശം. വാർത്തകളെ ഉദ്വേഗജനകമായി പിരിച്ച് അനുവാചകരുടെ ശ്രദ്ധ കുരുക്കുക എന്നത് മാധ്യമങ്ങളുടെ ഒരു പൊതു സ്വഭാവമാണെങ്കിലും, അതിമത്സരാത്മകമായ ആനുകാലിക മാധ്യമ പരിസരത്ത് ഈ പ്രവണത പരിധി വിടുന്നു എന്നാണ് കോടതി നിരീക്ഷിച്ചത്.

Also Read - ചെറിയ കോവിഡ് ഇൻഫെക്ഷൻ പോലും മാസങ്ങളോളം രോഗിയാക്കിയേക്കാം - ഫ്രഞ്ച് ഗവേഷകരുടെ പഠനം

ADVERTISEMENT

വിവരങ്ങളെ വിനോദമായും കാണുന്ന ഒരു മാധ്യമാസ്വാദന സംസ്കാരവും ഇതിന് വളക്കൂറുള്ള മണ്ണായി നിൽക്കുന്നു. ബ്രേക്കിംഗ് ന്യൂസ് ഉന്മാദമൂർച്ഛയാവുന്നത് ഈ കാലാവസ്ഥയിലാണ്. ഈ പ്രവണത മുമ്പും കണ്ടു വരുന്നതാണ്. ഇന്ത്യയൊട്ടാകെയുള്ള മാധ്യമങ്ങളിൽ നിറഞ്ഞ് നിന്ന 'രാമർ പെട്രോൾ' മുതൽ കേരളത്തിൽ ഉണ്ടായിട്ടുള്ള 'ആസിഡ് മഴ', 'ബ്ലാക്ക്മാൻ', 'ഐഎസ്സ്ആർഒ ചാരകേസ്' തുടങ്ങിയ ചല ഉദാഹരണങ്ങൾ നോക്കിയാലും ഈ വിഷയങ്ങളെ ചുറ്റിപ്പറ്റിയുള്ള ഊഹാപോഹങ്ങൾ നിറഞ്ഞ വർത്തകൾ നമുക്ക് ഓർമ്മ വരുന്നതാണ്. ഇപ്പോളത് ലോകമൊട്ടുക്കും അലയടിച്ച് കേരളത്തിലുമെത്തി നിൽക്കുന്ന ബ്ലൂ വേൽ ഗെയിമിന്റെ വാർത്തകളിലും കാണാവുന്നതാണ്.

Also Read - കേരളത്തിലെ കോവിഡ് ഗുരുതരാവസ്ഥ ബോധ്യപ്പെടുത്തി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്, മലപ്പുറത്തും കാസറഗോഡും ആശങ്കയുണ്ടാക്കുന്ന വർദ്ധന

ADVERTISEMENT

കുറച്ച് നാൾ മുമ്പ് വിദേശ മാധ്യമങ്ങൾ, ആദ്യം ബ്ലൂവേയിൽ ഗെയിമിനെ ഏറ്റെടുത്തെങ്കിലും, പിന്നീടതിനെ ഒരു സമകാലിക ഐതിഹ്യമായി തള്ളുകയാണുണ്ടായത്. ഇതിനെയാണ് കൗമാരക്കാരായ നമ്മുടെ കുട്ടികളെ അപകടത്തിലാക്കുന്നു എന്ന രീതിയിൽ വലിയ വാർത്തയാക്കുന്നത്. ഇതിൽപ്പെട്ട് തങ്ങളുടെ കുട്ടികൾ ആത്മഹത്യക്ക് പ്രേരിതരാകുമെന്നുള്ള നിരന്തര മുന്നറിപ്പുകൾ കേട്ട് രക്ഷിതാക്കൾ പരിഭ്രാന്തചിത്തരായി. മുമ്പ് നടന്ന ഒരു ആത്മഹത്യയെ ഇതുമായി ബന്ധിപ്പിച്ച് ബ്രേക്കിംഗ് ന്യൂസ് വന്നതും ഗെയിമിന്റേതെന്ന പോലെ കുട്ടികൾ ടാസ്ക്കുകൾ ചെയ്യുന്നതായും വർത്ത വന്നതോടെ എന്തെങ്കിലും ഉടനടി ചെയ്യേണ്ട ഒരു അടിയന്തരാന്തരീക്ഷം ഉടലെടുത്തു. ശരിയോ തെറ്റൊ വേർതിരിക്കേണ്ട സമയമല്ല, മറിച്ച് കരുതലെടുക്കുക എന്ന മാനസികാവസ്ഥയിൽ സമൂഹം എത്തിചേർന്നു. പലരും ശരിയെന്ന് തന്നെ വിശ്വസിക്കുന്നു. മാനസികാരോഗ്യ വിദഗ്ധർ, സൈബർ സെക്യൂരിറ്റി വിദഗ്ധർ തുടങ്ങി പൊലീസ്, കോടതി, നിയമസഭ വരെ വിഷയത്തിൽ പ്രതികരിച്ചു. അതും വർത്തയായി - ഒരു പ്രശ്നം സൃഷ്ടിക്കപ്പെടുന്നു.

Also Read - ശൈത്യകാലത്ത് 15,000 പ്രതിദിന കോവിഡ് കേസുകൾ നേരിടാൻ ഡൽഹി സജ്ജമാകണം - എൻസിഡിസി റിപ്പോർട്ട്

തുടർന്ന് പൊലീസ് നടത്തിയ അന്വേഷണങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ആത്മഹത്യാ ശ്രമങ്ങളിൽ ഒരെണ്ണം പോലും ഗെയിമുമായി ബന്ധിക്കാൻ കഴിഞ്ഞില്ല. സൈബർ സെൽ സൈബർ ലോകത്ത് മുഴുവൻ ദിവസങ്ങളോളം അരിച്ച് പെറുക്കിയിട്ടും ഗെയിമിന്റേതെന്ന് പറയാവുന്ന ലിങ്ക് ലഭിക്കാത്തതിനാൽ അങ്ങനെ ഒരു ഗെയിം കേരളത്തിൽ നിലവിലില്ല എന്ന നിഗമനത്തിൽ എത്തിച്ചേരുകയാണുണ്ടായത്! അപ്പോൾ പിന്നെ ഗെയിമിന് സമാന രീതിയിൽ ആത്മഹത്യാ പ്രവണത കാണിച്ച കുട്ടികൾ എന്തുകൊണ്ടങ്ങനെ ചെയ്തു എന്നുള്ള ചോദ്യം അവശേഷിക്കുന്നു. ആദ്യമാദ്യമുള്ള റിപ്പോർട്ടുകൾ മാധ്യമങ്ങൾ കെട്ടിച്ചമച്ചത് തന്നെയായിരുന്നു - ഗെയിം കൂടുതലായി കേരളത്തിൽ ഡൗൺലോഡ്

എന്ന രീതിയിൽ. പീന്നീട് റിപ്പോർട്ട് ചെയ്ത കേസുകൾക്ക് ശാസ്ത്രീയമായ വിശദീകരണമുണ്ട്.

Also Read - ഇന്ത്യയിൽ കോവിഡ് കേസുകൾ 69 ലക്ഷം കടന്നു, രോഗമുക്തിനിരക്ക് 85.52 ശതമാനം

മാധ്യമങ്ങളിലുടെയും അല്ലാതെയും പൊതുശ്രദ്ധയിൽ വരുന്ന ആത്മഹത്യകളെ അനുകരിച്ച് ഉണ്ടാകുന്ന ആത്മഹത്യാ തരംഗത്തെ 'വെർതർ പ്രഭാവം' എന്നാണ് പറയുക. ജർമ്മർ എഴുത്തുകാരൻ ഗോറ്റായുടെ പതിനെട്ടാം നൂറ്റാണ്ടിൽ പ്രസിദ്ധീകരിച്ച 'വെർതറുടെ സങ്കടങ്ങൾ' എന്ന നോവലിലെ കേന്ദ്ര കഥാപാത്രത്തിന്റെ ആത്മഹത്യ അനുകരിച്ച് കുറെയേറെ യുവാക്കൾ ആത്മഹത്യയ്ക്ക് ശ്രമിക്കുകയുണ്ടായെന്നുള്ള ചരിത്രം ഇരിക്കെ, 1970കളിൽ ആത്മഹത്യാഗവേഷകനായ ഡേവിഡ് ഫിലിപ്സ് ഈ രീതിയിൽ പൊതു പ്രചാരത്തിന്റെ പ്രേരണ അനുകരിച്ചുണ്ടാക്കുന്ന ആത്മഹത്യാ തരംഗത്തെ 'വെതർ പ്രഭാവം' എന്ന് പേരിട്ട് വിളിച്ചു. അങ്ങനെ കേരളത്തിൽ ബ്യൂവെയിൽ പ്രേരണ ആയി റിപ്പോർട്ട് ചെയ്തവയെല്ലാം മാധ്യമ പ്രചാരത്തിൽ നിന്നും ഉണ്ടായ വെർതർ പ്രഭാവമായിരുന്നു.

വെർതർ പ്രഭാവത്തിന്റെ ശാസ്ത്രീയ സ്ഥിരീകരണം ശക്തിപ്പെട്ടതോടെയാണ് പാശ്ചാത്യ രാജ്യങ്ങളിൽ മാധ്യമങ്ങൾ ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യുന്ന രീതിക്ക് മാർഗനിർദ്ദേശങ്ങൾ വന്നത്. ഇത് പ്രകാരം അതിപ്രധാനമായി വലിയ തലക്കെട്ടോടു കൂടിയ രീതിയിയെയോ ആത്മഹത്യയ്ക്ക് ഉപയോഗിച്ച രീതിയേയൊ വിസ്തരിക്കുന്നത് ഒഴിവാക്കണെമെന്നുണ്ട്. അനുകരണ പ്രേരണ ഒഴിവാക്കാൻ ലക്ഷ്യം വയ്ക്കുന്ന ഈ നിർദ്ദേശങ്ങൾ പാശ്ചാത്യ രാജ്യങ്ങളിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇന്ത്യയിൽ മാനസികാരോഗ്യ ഡോക്ടർമാരുടെ സംഘടനയായ 'ഇന്ത്യൻ സൈക്യാട്രിക്ക് സൊസൈറ്റി' അത് എഴുതിയുണ്ടാക്കിയിട്ടുണ്ട്. പക്ഷേ മാധ്യമ ഇടപെടൽ നടത്തുന്ന ഡോക്ടർമാരുൾപ്പടെ ആരും തന്നെ അത് പ്രയോഗത്തിൽ കൊണ്ടു വരുന്നില്ല എന്നതാണ് ബ്ലൂവെയിൽ വിഷയം വ്യക്തമാക്കുന്നത്. സോഷ്യൽമീഡിയ അസത്യങ്ങൾ പ്രചരിപ്പിക്കുന്നതിൽ വളരെ മുന്നിൽ നിൽക്കുന്നു. പത്ത് പേർക്ക് അയച്ചുകൊടുക്കുക, കൂടുതൽ പേർക്ക് ഷെയർ ചെയ്യൂ എന്നെല്ലാം പറഞ്ഞ് ദിവസേന മെസേജുകൾ നമ്മുടെ മൊബൈൽ ഫോണിൽ എത്തുന്നു. ഇതെല്ലാം വിവേചന ബുദ്ധിയോടെ തിരിച്ചറിയാൻ നമുക്ക് പറ്റണം. ബ്രേക്കിംഗ് ന്യൂസുകളുടെ ഈ കാലത്ത് സത്യവിരുദ്ധമായ വാർത്തകളെ ശാസ്ത്രീയാവബോധത്തിന്റെ

വളർത്തിയെടുക്കേണ്ടതുണ്ട്.



ഡോ. രാംകുമാർ ജി എസ്

BlueWhale game media news psychiatry sensational suicide youth

**0 Comments** Sort by **Newest**

Add a comment...

Facebook Comments Plugin

## Next Story

## ചെറിയ കോവിഡ് ഇൻഫെക്ഷൻ പോലും മാസങ്ങളോളം രോഗിയാക്കിയേക്കാം - ഫ്രഞ്ച് ഗവേഷകരുടെ പഠനം




**അഴിമുഖം ഡെസ്ക്**

9 Oct 2020 2:21 PM

തീവ്രത കുറഞ്ഞ കോവിഡ് ബാധിച്ച രോഗികൾക്ക് പോലും അസുഖം മാസങ്ങൾ നീണ്ടുനിന്നേക്കാമെന്ന് പഠനം. ഫ്രഞ്ച് ആരോഗ്യ ഗവേഷകരുടേതാണ് കണ്ടെത്തൽ. തീവ്രമല്ലാത്ത കോവിഡ് പോസിറ്റീവ് കേസുകൾ ബാധിച്ച രോഗികളിൽ നടത്തിയ പഠനമാണ് ഇക്കാര്യം പറയുന്നത്.

പഠനവിധേയമാക്കിയ കേസുകളിൽ മൂന്നിൽ ഒന്ന് രോഗികൾക്ക് അസുഖവും രോഗലക്ഷണങ്ങളും 60 ദിവസത്തോളം നീണ്ടുനിന്നു. 40നും 60നും ഇടയിൽ പ്രായമുള്ളവരിലാണ് ഇത്തരം രോഗലക്ഷണങ്ങൾ കൂടുതലായും നീണ്ടുനിൽക്കുന്നത്. മാർച്ച് മുതൽ ജൂൺ വരെ ഗുരുതരാവസ്ഥയിലല്ലാത്ത 150 രോഗികളിൽ ടൂർസ് യൂണിവേഴ്സിറ്റി ഹോസ്പിറ്റലിലെ ഗവേഷകർ നടത്തിയ പഠനത്തിന്റെ റിപ്പോർട്ടാണ് പുറത്തുവിട്ടത്.

ADVERTISEMENT

ക്ലിനിക്കൽ മൈക്രോബയോളജി ആൻഡ് ഇൻഫെക്ഷൻ എന്ന ജേണലിൽ തിങ്കളാഴ്ചയാണ് പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. ലോകത്ത് മൂന്നരക്കോടിയോളം പേർ കോവിഡ് നെഗറ്റീവ് ആയതിന് ശേഷമുള്ള ആരോഗ്യപ്രശ്നങ്ങൾ ആഴ്ചകളോളം നേരിടുന്നവരാണ്. മണവും രുചിയും ലഭിക്കായ്ക, ശ്വാസോച്ഛ്വാസത്തിലെ പ്രശ്നങ്ങൾ തുടങ്ങിയവ കോവിഡ് പോസിറ്റീവ് സ്ഥിരീകരിച്ച് രണ്ട് മാസത്തോളം നീണ്ടതായി 66 ശതമാനം രോഗികൾ പറഞ്ഞു. ഹൃദയസംബന്ധമായ പ്രശ്നങ്ങളടക്കം നിരവധി പേർ നേരിടുന്നു. പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വലിയ തോതിൽ തുറക്കുന്നുണ്ട്.



അഴിമുഖം ഡെസ്ക്

#COVID19 #Corona

**0 Comments** Sort by Newest

Add a comment...

Facebook Comments Plugin

## Related Stories

**ചെറിയ കോവിഡ് ഇൻഫെക്ഷൻ പോലും മാസങ്ങളോളം രോഗിയാക്കിയേക്കാം - ഫ്രഞ്ച് ഗവേഷകരുടെ പഠനം**

9 Oct 2020 2:21 PM

**കേരളത്തിലെ കോവിഡ് ഗുരുതരാവസ്ഥ ബോധ്യപ്പെടുത്തി ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്, മലപ്പുറത്തും...**

9 Oct 2020 11:02 AM

**ശൈത്യകാലത്ത് 15,000 പ്രതിദിന കോവിഡ് കേസുകൾ നേരിടാൻ ഡൽഹി സജ്ജമാകണം - എൻസിഡിസി റിപ്പോർട്ട്**

9 Oct 2020 10:38 AM

**ഇന്ത്യയിൽ കോവിഡ് കേസുകൾ 69 ലക്ഷം കടന്നു, രോഗമുക്തിനിരക്ക് 85.52 ശതമാനം**

9 Oct 2020 9:42 AM

**കേരളത്തിൽ പതിനായിരം കടന്ന് കോവിഡ്, 10606 പേർക്ക് രോഗം**

7 Oct 2020 5:57 PM

**'കണ്ണാണ് ശ്രദ്ധവേണം'; 1000 കുട്ടികളിൽ 0.8 കുട്ടികൾക്കും ഗുരുതരമായ കാഴ്ച പ്രശ്നങ്ങൾ**

7 Oct 2020 2:50 PM

**രാജ്യത്ത് ഇതുവരെ 66.85 ലക്ഷത്തിലധികം കോവിഡ് കേസുകൾ, മരണം 1,03,569; പുതിയ കേസുകളേക്കാൾ കൂടുതൽ...**

6 Oct 2020 10:00 AM

**ഹെപ്പറ്റൈറ്റിസ് സി വൈറസിനെ കണ്ടെത്തിയ ശാസ്ത്രജ്ഞർക്ക് വൈദ്യശാസ്ത്ര നൊബേൽ, പുരസ്കാരം പങ്കിട്ട്...**

5 Oct 2020 4:09 PM

**ട്രംപിന്റെ ഓക്സിജൻ ലെവൽ താഴ്ന്നു, ഡെക്സാമെത്താസോൺ നൽകി - കോവിഡ് ഗുരുതരമെന്ന് സൂചന**

**രോഗിയെ പുഴുവരിച്ച സംഭവത്തിൽ സസ്പെൻഡ് ചെയ്തതിൽ പ്രതിഷേധം - ഡോക്ടർമാർ ഇന്ന് ഒപി ബഹിഷ്കരിക്കും...**

**2021 ജൂലായ്ക്കുള്ളിൽ 20-25 കോടി പേർക്ക് കോവിഡ് വാക്സിൻ നൽകും - കേന്ദ്ര ആരോഗ്യ മന്ത്രി**

4 Oct 2020 6:55 PM

**രാജ്യത്ത് കോവിഡ് കേസുകൾ 63 ല... പിന്നിട്ടു, മരണം 98,678**

1 Oct 2020 9:40 AM

About Us
Contact Us
Advertise
Terms & Privacy

All Rights Reserved. Copyright @2019
Powered By Hocalwire